## പാർപ്പിട മേഖല

സമാധാനമായി സന്തോഷത്തോടെ ഒന്നുറങ്ങാൻ സ്വന്തമായി ഒരു വീട് എന്ന എടവക ഗ്രാമപഞ്ചായത്തിന്റെ സ്വപ്നം പൂവണിയുകയാണ്.

ലൈഫ് ഭവന പദ്ധതി, പി.എം.എ.വൈ  എന്നീ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിലവിൽ അപേക്ഷിച്ച മുഴുവൻ അർഹതയുള്ള ഗുണഭോക്താക്കൾക്കും വീട് നൽകുന്നതിനുള്ള തയ്യാറെടുപ്പിലാണ് പഞ്ചായത്ത്.

ലൈഫ് ഭവന പദ്ധതിയിൽ എസ് സി, എസ് ടി, ജനറൽ വിഭാഗങ്ങളിലായി 774 അപേക്ഷകരാണ് നമുക്ക് ഉണ്ടായിരുന്നത്. 11 എസ് സി കുടുംബങ്ങൾക്കും, 130 എസ് ടി കുടുംബങ്ങൾക്കും വീട് അനുവദിച്ചു കഴിഞ്ഞു 160 അപേക്ഷകൾ കരാർ നടപടിയിലാണ്. സർക്കാർ വിഹിതമായി ജനറൽ 1 ലക്ഷം, എസ് സി,എസ് ടി 3 ലക്ഷം  എന്നിങ്ങനെ ലഭ്യമാകും. കൂടാതെ 15 വർഷം കൊണ്ട് തിരിച്ചടയ്ക്കുന്ന രീതിയിൽ  വായ്പയായി  KURDFC മുഖേന സംസ്ഥാന സർക്കാർ 56400000 രൂപയും അനുവദിച്ചിട്ടുണ്ട്.ഒരു ഗ്രാമപഞ്ചായത്തിന് സന്തോഷവും സംതൃപ്തിയും നൽകുന്ന ഒരു സ്വപ്ന പദ്ധതിയുടെ സാക്ഷാത്കാരമാണ് ഈ ബജറ്റിലൂടെ  പ്രഖ്യാപിക്കുന്നത്.

1. കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി കാർഷിക ഉത്പന്നങ്ങളുടെ നേഴ്സറികൾ സ്ഥാപിച്ചുകൊണ്ട് വാർഡിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തി സ്വന്തം ഭൂമിയിൽ നട്ടു പരിപാലിച്ചു  വരുമാന മാർഗം  കണ്ടെത്തി ദാരിദ്ര ലഘൂകരണം സാധ്യമാക്കുക.
2. സ്ത്രീകളുടെ ഉന്നമനത്തിനായി കുടുംബശ്രീ യൂണിറ്റുകൾ കേന്ദ്രീകരിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വർക്ക് ഷെഡുകൾ നിർമ്മിക്കുക.
3. സ്വാശ്രയ സംഘങ്ങളെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് സംരംഭങ്ങൾ തുടങ്ങുവാനുള്ള ഫണ്ടുകൾ നൽകുക. (അസാപ്പുമായി സഹകരിച്ച്  ട്രെയിനിംഗ് നൽകുക)
4. യുവതി യുവാക്കളുടെ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ സ്പോർട്സ് അതോറിറ്റികളുമായി സംയോജിപ്പിച്ച് അഖിലേന്ത്യാ തലത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുകയും പഞ്ചായത്തിലെ വിവിധ മത്സരങ്ങളിൽ കഴിവ് തെളിയിച്ചവരെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. പഞ്ചായത്തിൻറെ അധീനതയിലുള്ള ജലസ്രോതസ്സുകൾ നവീകരിച്ച് ജല ലഭ്യത ഉറപ്പുവരുത്തുക.
6. അഭ്യസ്തവിദ്യരായ ആളുകൾക്കായി പി.എസ്.സി കോച്ചിംഗും തൊഴിൽമേളകളും സംഘടിപ്പിക്കുക.

**2026– 27 ബജറ്റ് നിർദ്ദേശങ്ങൾ**

മുൻ വർഷങ്ങളിൽ നേടിയ മികവ് നിലനിർത്തുന്നതിനും തുടരുന്നതിനും കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനുമായുള്ള ബജറ്റ് നിർദ്ദേശങ്ങൾ ആണ് ഞാൻ മുന്നോട്ടുവെക്കുന്നത്.

**ഉൽപാദന,കാർഷിക മേഖല**

10111000 രൂപ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ പ്രധാനമായും കൃഷി വികസനം നെൽകൃഷി ക്ഷീരവികസനം ജലസേചന പ്രവർത്തികൾ എന്നിവയ്ക്ക് മുൻഗണന നൽകിയിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ വയോജനങ്ങൾ സ്ത്രീകൾ കുട്ടികൾ ഭിന്നശേഷിക്കാർ രോഗികൾ എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

**പട്ടികജാതി ക്ഷേമത്തിനായി** 14600000 രൂപ വിവിധ പദ്ധതികൾക്കായി മാറ്റിവെച്ചിട്ടുണ്ട്. ഭവന നിർമ്മാണം കുടിവെള്ളം തുടങ്ങിയ പദ്ധതികൾക്ക് പ്രയോജനപ്പെടും. കൂടാതെ മിശ്രവിവാഹ ധനസഹായവും ഇതിൽ ഉൾപ്പെടുന്നു.

**പട്ടികവർഗ്ഗ ക്ഷേമത്തിനായി 17525000 രൂപ വകയിരുത്തിയിട്ടുണ്ട്.** ഉൽപാദന കാർഷിക മേഖലകൾക്കായി വകയിരുത്തിയും, പശ്ചാത്തല മേഖല റോഡ് ഭവന നിർമ്മാണം ക്ഷീരവികസനം ആരോഗ്യ പരിപാലനം തുടങ്ങി എല്ലാ മേഖലകൾക്കും തുക വകയിരുത്തൽ നടത്തിയിട്ടുണ്ട്. **പട്ടികവർഗ്ഗ** വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിവാഹ ധനസഹായം 5 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

2026–27 വാർഷിക പദ്ധതിയിൽ സേവന പശ്ചാത്തല മേഖലകളിൽ 304934000 രൂപ വിവിധ വാർഷിക പദ്ധതികൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള സി എസ് ആർ ഫണ്ട് ഉപയോഗിച്ച് എടവക എഫ് എച്ച് സി ക്ക് ഫിസിയോതെറാപ്പി യൂണിറ്റിനും, സംസ്ഥാന സർക്കാറിൻറെ ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൈങ്ങാട്ടിരി അമൃത സരോവർ പദ്ധതിക്കായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

# ഉപസംഹാരം

എടവക ഗ്രാമ പഞ്ചായത്തിൻറെ വികസന സങ്കല്പങ്ങൾ ലഭ്യമായ വിഭവ സ്രോതസ്സുകളെ അടിസ്ഥാനപ്പെടുത്തി യുക്തിപരമായ രീതിയിൽ ക്രമപ്പെടുത്തി 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്.

ബഹുമാനപ്പെട്ട പ്രസിഡണ്ട്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, വാർഡ് മെമ്പർമാർ, ജീവനക്കാർ, സ്ഥാപന മേധാവികൾ, ബഹുജനങ്ങൾ എന്നിവരുടെ ഭാഗത്തുനിന്ന് പഞ്ചായത്തിൻറ് സമഗ്ര വികസനത്തിന് ഉതകുമാറുള്ള നിർദ്ദേശങ്ങളും, പ്രവർത്തനങ്ങളും, സഹകരണവും ഉണ്ടാവുമെന്ന പ്രതീക്ഷയോടെ 20262-027 വർഷത്തേക്കുള്ള ബഡ്ജറ്റും അനുബന്ധ ഷെഡ്യൂളുകളും അംഗീകാരത്തനായി നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.